File No.FWLD-B2/81/2019-FWLD

22480
10/12/19

'ഭരണഭാഷ മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 2019 വർഷത്തെ ക്ലോഷർ പീരിഡിൽ ഈറ്റ ശേഖരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.278/2019/വനം തീയതി,തിരുവനന്തപുരം, 24/07/2019

---

പരാമർശം:- 1) 02/07/2018 തീയതിയിലെ സ.ഉ (സാധാ) 323/2018/വനം നമ്പർ സർക്കാർ ഉത്തരവ്.

2) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ചെയർമാൻ 06/05/2019 -ൽ ബഹു. വനം വകുപ്പ മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് &റിസോഴ്സസ്) - ന്റെ 10/06/2019 -ലെ പ്രൊ(4)-38595/2017 നമ്പർ കുറിപ്പ്.

4) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് ക്ലോഷർ പീരിഡിൽ ഈറ്റ ശേഖരിക്കുന്നതിന് അനുമതി സംബന്ധിച്ച് 17/07/2019 - ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 2019 വർഷത്തെ ക്ലോഷർ പീരിഡിൽ (ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ) ഈറ്റ ശേഖരിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ചെയർ മാൻ പരാമർ ശം ( 2 ) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), ലഭ്യമാക്കിയ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിൽ 2019 - 20 വർ ഷത്തിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് അനുവദിക്കാവുന്ന ഈറ്റയുടെ ലഭ്യതാ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കിൾ | ഡിവിഷൻ | മെട്രിക് ടൺ |
|---|---|---|---|
| 1 | ഹൈറേഞ്ച് സർക്കിൾ | മൂന്നാർ | 1150 |
| 2 | സെൻട്രൽ സർക്കിൾ | മലയാറ്റൂർ | 1500 |
| 3 | സതേൺ സർക്കിൾ | കോന്നി | 1000 |
| 4 | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് / സൗത്ത് | 593 |
| | | ആകെ | 4243 |

3) ക്ലോഷർ പീരിഡിലെ ഈറ്റ ശേഖരണം ഈറ്റയുടെ സ്ഥായിയായ നിലനിൽപ്പിനും, വന സമ്പത്തിനും, വനത്തിലെ ആവാസ വ്യവസ്ഥയ്ക്കും ദോഷകരമാകയാൽ ഈ കാലയളവിലുള്ള ഈറ്റ ശേഖരണം അനുവദിക്കാവുന്ന തല്ലായെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻ ഡ് & റിസോഴ്സസ്) പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 01/09/2019 മുതൽ 4243 മെട്രിക് ടൺ ഈറ്റ ശേഖരിക്കുന്നതിന് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് അനുമതി നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) പരാമർശം 4 പ്രകാരമുള്ള 17/07/2019 ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലോഷർ പീരിഡിലെ ഈറ്റ ശേഖരണം ഈറ്റയുടെ സ്ഥായിയായ നിലനിൽപ്പിന് ദോഷകരമാകയാൽ വരും വർഷങ്ങളിൽ ഈ ആവശ്യം ഉന്നയിക്കരുതെന്നും, ക്ലോഷർ പീരിഡിൽ ഇനി ഒരിക്കലും ഈറ്റ വെട്ടാൻ അനുവദിക്കില്ലെന്നും കാണിച്ച് 2018 - ലെ ക്ലോഷർ പീരിഡിൽ 556 മെട്രിക് ടൺ ഈറ്റ ശേഖരിച്ച് നീക്കം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് അനുമതി നൽകിയ പരാമർശം (1) ലെ ഉത്തരവിൽ ഇളവു വരുത്തിക്കൊണ്ട്, 2019 വർഷത്തേയ്ക്ക് കൂടി മാത്രം, ക്ലോഷർ പീരിഡിൽ ശേഷിക്കുന്ന ഒന്നര മാസത്തെ കാലയളവിലേയ്ക്ക് 200 മെട്രിക് ടൺ ഈറ്റ ശേഖരിക്കുന്നതിന് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് അനുമതി നൽകിക്കൊണ്ടും, വരും വർഷങ്ങളിൽ

File No.FWLD-B2/81/2019-FWLD

ക്ലോഷർ പീരിഡിന് മുമ്പ് മൂന്ന് മാസത്തേയ്ക്ക് മുൻകൂട്ടി ഈറ്റ ശേഖരിച്ച് കേട്ടുകൂടാതെ സൂക്ഷിക്കുവാനുള്ള നടപടി ബാംബൂ കോർപ്പറേഷൻ കൈക്കൊള്ളേണ്ടതാണെന്നും, 2019 - ലെ ക്ലോഷർ പീരിഡിൽ ഏതൊക്കെ ഡിവിഷനുകളിൽ നിന്നും എത്ര അളവിൽ ഈറ്റ ശേഖരിക്കാൻ അനുമതി നൽകണമെന്നുമുള്ള കാര്യം തീരുമാനിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) - നെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുൾഫിക്കർ റഹ്മാൻ.എ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

ചെയർമാൻ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ, അങ്കമാലി, എറണാകുളം.

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ, അങ്കമാലി, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) , കേരള, തിരുവനന്തപുരം.

വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.07.24 17:20:00 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു: വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. വ്യവസായ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എസ്. ന്

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്.

വനം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്